LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 21, തിങ്കൾ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 1986 ജൂലായ് 21-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

വ്യവസായങ്ങൾക്കു നൽകുന്ന അസംസ്കൃത വന വിഭവങ്ങൾ

*216 [352]. ശ്രീ. കെ.കെ. തോമസ്:
,, മണിമംഗലത്തു കുട്ട്യാലി:
,, പി.പി. തങ്കച്ചൻ:
,, ജോസ് കുറ്റിയാനി:
,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് അസംസ്കൃത വനവിഭവങ്ങളായ യൂക്കാലിപ്റ്റസ് തടികൾ, ഈറ, മുള ഇവ നൽകിവരുന്നത്;

(ബി) യൂക്കാലിപ്റ്റസ് തടികൾ എവിടെനിന്നെല്ലാം സംഭരിക്കുന്നു;

(സി) വർഷംതോറും ശരാശരി എത്ര ടൺ വീതം വനവിഭവങ്ങൾ വ്യവസായങ്ങൾക്കു നൽകിവരുന്നു;

(ഡി) ഏതെല്ലാം വ്യവസായങ്ങൾക്ക് എത്ര ടൺ വീതം നൽകുന്നു;

(ഇ) ഇവ ഓരോന്നും ഇപ്പോൾ ഒരു ടണ്ണിന് എന്തു വിലയ്ക്കാണ് നൽകുന്നത്;

(എഫ്) ഇങ്ങനെ നൽകുന്നതുകൊണ്ട് ഗവൺമെന്റിന് നഷ്ടം ഉണ്ടാകുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ എത്ര രൂപ?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളായ ഗ്വാളിയർ റയോൺസ്, പുനലൂർ പേപ്പർ മിൽസ്, കേരളാ ന്യൂസ്പ്രിൻറ് പ്രോജക്ട്, കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് യൂക്കാലിപ്റ്റസ് തടി, ഈറ മുതലായ അസംസ്കൃത സാധനങ്ങൾ നൽകുന്നുണ്ട്.

(ബി) വനംവകുപ്പിന്റെ നിയന്ത്രണത്തിലുള്ള യൂക്കാലിപ്റ്റസ് തോട്ടങ്ങളിൽനിന്ന് യൂക്കാലിപ്റ്റസ് തടികൾ സംഭരിക്കുന്നു. ഡിവിഷൻ തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.‡

(സി) പ്രതിവർഷം 6,05,000 മെട്രിക് ടൺ അസംസ്കൃത സാധനങ്ങൾ ഗ്വാളിയർ റയോൺസ്, പുനലൂർ പേപ്പർ മിൽസ്, കേരളാ ന്യൂസ്പ്രിൻറ് പ്രോജക്ട്, കേരളാ ബാംബൂ കോർപ്പറേഷൻ എന്നീ വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ചു വരുന്നു.

(ഡി) ഓരോ കമ്പനിയുമായി പ്രത്യേകം പ്രത്യേകമായി ഉണ്ടാക്കിയിട്ടുള്ള കരാറനുസരിച്ചാണ് വന വിഭവങ്ങൾ നൽകി വരുന്നത്. 1985-86-ൽ കരാറിന്റെ അടിസ്ഥാനത്തിൽ പുനലൂർ പേപ്പർ മില്ലിന് 14,375 മെട്രിക് ടൺ യൂക്കാലിയും, 61,600 മെട്രിക് ടൺ ഈറയും കേരളാ ന്യൂസ്പ്രിൻറ് പ്രോജക്ടിന് 1,50,000 മെട്രിക് ടൺ യൂക്കാലിയും 1,85,910 മെട്രിക് ടൺ ഈറയും 90,000 മെട്രിക് ടൺ മുളയും കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 25,000 മെട്രിക് ടൺ ഈറയും അനുവദിച്ചിട്ടുണ്ട്. ഗ്വാളിയർ റയോൺസ് കമ്പനിയുമായി ഉണ്ടാക്കിയിരുന്ന കരാർ 19-1-1983-ൽ അവസാനിച്ചതുകൊണ്ട് അതിനുശേഷം ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവനുസരിച്ച് ആകെ 1,25,400 മെട്രിക് ടൺ യൂക്കാലിപ്റ്റസും 16,600 മെട്രിക് ടൺ മുളയും അനുവദിച്ചിട്ടുണ്ട്.

(ഇ) കേരളാ വനോൽപ്പന്ന (വില നിജപ്പെടുത്തൽ) നിയമമനുസരിച്ച് ഇപ്പോൾ യൂക്കാലിപ്റ്റസിന് മെട്രിക് ടണ്ണിന് 413 രൂപയും മുളയ്ക്കും ഈറയ്ക്കും 219 രൂപയും വിലവച്ചാണ് നൽകേണ്ടത്. എന്നാൽ, കേരളാ ന്യൂസ്പ്രിൻറ് പ്രോജക്ട് കമ്പനിക്ക് കരാർ വ്യവസ്ഥയനുസരിച്ച് സൗജന്യനിരക്കായ മെട്രിക് ടണ്ണിന് 11 രൂപ വച്ച് യൂക്കാലിപ്റ്റസും 12 രൂപ വച്ച് ഈറയും നൽകുന്നു. കേരളാ ബാംബൂ കോർപ്പറേഷന് വിലയൊന്നും ഈടാക്കാതെയാണ് നൽകുന്നത്. ഗ്വാളിയർ റയോൺസ് കമ്പനിക്ക് നിയമമനുസരിച്ചുള്ള വിലയുടെ 60 ശതമാനം തുകയായും ബാക്കി തുകയ്ക്ക് ബാങ്ക് ഗ്യാരൻറി വച്ചുമാണ് ഹൈക്കോടതി വിധിപ്രകാരം നൽകേണ്ടത്.

(എഫ്) ന്യൂസ്പ്രിൻറ് പ്രോജക്ടുമായി ഉണ്ടാക്കിയ കരാറനുസരിച്ച് കുറഞ്ഞ വിലയ്ക്കും ബാംബൂ കോർപ്പറേഷന് സൗജന്യമായും നൽകുന്നതുകൊണ്ട് നഷ്ടമുണ്ട്.

(ജി) ന്യൂസ്പ്രിൻറ് പ്രോജക്ടിന് നൽകുന്ന യൂക്കാലിയിൻമേൽ ടണ്ണിന് 402 രൂപയും ഈറയ്ക്ക് ടണ്ണിന് 207 രൂപയും, അതിനുള്ള നികുതിയും നഷ്ടമായിവരും. കേരളാ ബാംബൂ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ സൗജന്യമായി നൽകുന്നതുകൊണ്ട് ടണ്ണിന് മുഴുവൻ വിലയായ (ഈറ) 217 രൂപയും നികുതികളും അധികവിലയായ ടണ്ണിന് 25 രൂപയും നഷ്ടം വരുന്നുണ്ട്.

ശ്രീ. കെ.കെ. തോമസ്: പ്ലാൻറ് ചെയ്തു കഴിഞ്ഞാൽ 8 വർഷം കഴിഞ്ഞാണ് യൂക്കാലിപ്റ്റസ് മരങ്ങൾ മുറിക്കുന്നത്. നമ്മുടെ വ്യാവസായികാവശ്യങ്ങൾക്ക് അവശ്യത്തിന് അസംസ്കൃത വിഭവം എന്നുള്ള നിലയിൽ യൂക്കാലിപ്റ്റസ് കൊടുക്കുന്നത് മതിയാകുന്നുണ്ടോ? അത് ഇനിയും പ്ലാൻറ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇവിടെ നിലവിലുള്ള യൂക്കാലിപ്റ്റസ് പ്ലാന്റേഷനിൽനിന്ന് കരാറനുസരിച്ച്, കമ്പനികൾക്ക് സാധനങ്ങൾ കൊടുക്കുന്നുണ്ട്. ഇപ്പോൾ കൊടുക്കുന്നതിനേക്കാൾ കൂടുതൽ വേണമെന്നുള്ള ആവശ്യം അവർക്കുണ്ട്. ആ ആവശ്യം എങ്ങനെ പരിഹരിക്കാൻ കഴിയും എന്നുള്ളതിന് മറ്റൊരു പ്രത്യേക സംവിധാനം ഉണ്ടാക്കി പരിശോധിക്കാൻ ആണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ.കെ. തോമസ്: വ്യവസായ ആവശ്യങ്ങൾക്ക് നഷ്ടം സഹിച്ചും അസംസ്കൃത വിഭവങ്ങൾ നൽകുന്ന ചുമതല ഗവൺമെൻറ് നിർവ്വഹിക്കുന്നുണ്ട്. പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും സഹകരണസംഘങ്ങൾ നടത്തുന്ന ചെറുകിട വ്യവസായാവശ്യങ്ങൾക്കും അതുപോലെതന്നെ കൈത്തൊഴിൽ എന്ന നിലയിൽ വ്യാവസായികമായി നടത്തുന്ന സ്ഥാപനങ്ങൾക്കും ഈറ, മുള തുടങ്ങിയ അസംസ്കൃത വിഭവങ്ങൾ കിട്ടുന്നതിന് വളരെ ബുദ്ധിമുട്ടുകൾ വരുന്നു. നഷ്ടം സഹിച്ചും വ്യാവസായികാവശ്യങ്ങൾക്ക് നൽകുന്നതുപോലെതന്നെ ചെറുകിട തൊഴിലിനുള്ള പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ഏതെങ്കിലും പ്രത്യേകമായ ഒരു പരിഗണന നൽകി ഇവർക്ക് യഥാവസരം അസംസ്കൃത സാധനങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഗിരിജൻ സഹകരണസംഘങ്ങൾക്ക് ഈറ നൽകുന്നതിനുള്ള ഒരു വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. ഞാൻ അത് ഇവിടെ പ്രധാന ചോദ്യത്തിന് ഉത്തരമായി പറഞ്ഞപ്പോൾ പറഞ്ഞിട്ടുള്ള ബാംബൂ കോർപ്പറേഷൻ 100 ശതമാനം സൗജന്യമായിട്ടാണ് സാധനങ്ങൾ നൽകുന്നത്. അതിന് അവരുമായിട്ട് ഒരു വ്യവസ്ഥയുണ്ട്. അവർക്ക് നൽകുന്ന അസംസ്കൃത സാധനങ്ങളിൽ നിന്ന് 30 ശതമാനം ഗിരിജൻ സഹകരണ ഫെഡറേഷൻ നൽകണം. ഗിരിജൻ സഹകരണ ഫെഡറേഷൻ ആ സാധനം ഏറ്റെടുത്ത് സൊസൈറ്റികൾക്ക് നൽകണം. അതാണ് വ്യവസ്ഥ. പക്ഷേ ഗിരിജൻ ഫെഡറേഷൻറെ പ്രവർത്തനം സംസ്ഥാനത്തെ ചില ഭാഗങ്ങളിൽ വ്യാപിച്ചിട്ടില്ലാത്തതിനാൽ അവർക്ക് ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അതിന് പ്രത്യേകമായിട്ട് എങ്ങനെ പരിഹാരം കാണാൻ കഴിയും എന്നുള്ളത് ആലോചിക്കേണ്ടതാണ്.

ശ്രീ. പി.പി. തങ്കച്ചൻ: ബാംബൂ കോർപ്പറേഷൻ 25,000 മെട്രിക് ടൺ ഈറ കൊടുത്തുവരുന്നുണ്ടെന്നു പറയുകയുണ്ടായി. ഏതെങ്കിലും ഒരു ഡിവിഷൻ അല്ലെങ്കിൽ ഏതെങ്കിലും ഒരു പ്രദേശം മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

അവർക്കു മാത്രമായി റിസർവ് ചെയ്യണമെന്നുള്ള ആവശ്യം ബാംബൂ കോർപ്പറേഷൻ വളരെക്കാലമായിട്ട് ഉന്നയിക്കുന്നുണ്ട്. വൻകിട ഫാക്ടറികൾക്കും, പുനലൂർ പേപ്പർമില്ലിനും മറ്റും വെട്ടുന്നതിന്റെ കൂട്ടത്തിലാണ് ബാംബൂ കോർപ്പറേഷനും കൊടുത്തിട്ടുള്ളത്. അത് വലിയ അസൗകര്യം ഉണ്ടാക്കുന്നുണ്ട്. ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള ഒരേർപ്പാടെന്നുള്ള നിലയിൽ ഏതെങ്കിലും ഒരു ഭാഗം ഫോറസ്റ്റ് അവർക്കുവേണ്ടി മാത്രം റിസർവ്വ് ചെയ്യാനായിട്ട് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ.പി. നൂറുദ്ദീൻ: ഇത് നേരത്തേ ചർച്ചചെയ്ത ഒരു വിഷയമാണ്. ബാംബൂ കോർപ്പറേഷന് വേണ്ടുന്ന സാധനവും മറ്റു കമ്പനികൾക്ക് വേണ്ടുന്ന സാധനവും വ്യത്യസ്തമാണ്. അതുകൊണ്ട് ഏതെങ്കിലുമൊരു പ്രത്യേക സ്ഥലം അവർക്കായിട്ടുമാത്രം നീക്കിവച്ചാൽ അവിടെയുള്ള മറ്റു സാധനങ്ങളെല്ലാം ദുരുപയോഗപ്പെട്ടുപോകും എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആണ് ഒരേ സ്ഥലം തന്നെ വ്യത്യസ്ത കമ്പനികൾക്ക് നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വിഷയം വ്യത്യസ്ത കമ്പനിക്കാരെ വിളിച്ചുവരുത്തി അവരുമായി ചർച്ച നടത്തി അതിന് ഒരു പ്രത്യേകമായ മാർഗ്ഗം കണ്ടുപിടിക്കാൻ കഴിയുമോ എന്നുള്ളത് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ: വൻകിട വ്യവസായങ്ങൾക്കുവേണ്ടിയുള്ള അസംസ്കൃത സാധനങ്ങൾ സംയുക്ത മേഖലാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്നുള്ളത് വിശദമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: വലിയ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സംയുക്ത മേഖലാടിസ്ഥാനത്തിൽ പ്ലാൻ ചെയ്യുന്നതിന് ഗവൺമെന്റ് ആലോചിച്ചുവരുന്നുണ്ട്. അതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനും വിശദമായ രൂപം നൽകാനും വേണ്ടി ഡോ. രാജഗോപാൽ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ഇപ്പോൾ ഗവൺമെന്റ് പരിശോധിച്ചു വരുകയാണ്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ആ റിപ്പോർട്ടിന്റെ വിശദമായിട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് അതിനാവശ്യമായ രൂപം നൽകി വരുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സംയുക്ത മേഖലയിൽ പ്ലാന്റേഷൻ ആരംഭിക്കുന്നു എന്നു പറഞ്ഞു. ഓരോ കമ്പനിക്കും എത്ര ഹെക്ടർ വീതം കൊടുത്താണ് ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. അതിന്റെ മുതൽമുടക്കിന്റെ അനുപാതം എങ്ങനെയാണെന്ന് വിശദമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: സംയുക്ത മേഖലാ പ്ലാന്റേഷനു വേണ്ടി 40,000 ഹെക്ടർ ഒട്ടാകെ വിനിയോഗിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിന്റെ മുതൽമുടക്കിന്റെ കാര്യം ഗവൺമെന്റിന് 51 ശതമാനം ഷെയറും അതുപോലെ മറ്റു കമ്പനികൾക്ക് 49 ശതമാനം ഷെയറുമായിട്ട് വയ്ക്കണമെന്നാണ് ഒരു നിർദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടായിട്ടുള്ളത്. എച്ച്.പി.സി.-ക്ക് 16,000 ഹെക്ടർ മാറ്റിയെടുക്കാൻ കഴിയുമെന്ന് ഉദ്ദേശിക്കുന്നു. ഗ്വാളിയർ റയോൺസിന് പതിനെണ്ണായിരം ഹെക്ടറും, പുനലൂർ പേപ്പർ മില്ലിന് അയ്യായിരം ഹെക്ടറും ഇതിലേക്ക് മാറ്റിയെടുക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഗ്വാളിയർ റയോൺസിൽ അവർക്ക് ആവശ്യത്തിന് റാ-മെറ്റീരിയൽസ് കിട്ടാത്തതുകൊണ്ടാണ് കമ്പനി മുഴുവൻ ദിവസവും പ്രവർത്തിക്കാൻ കഴിയാത്തത് എന്നുള്ള മാനേജ്മെന്റിന്റെ പ്രസ്താവന മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിൽ എത്രത്തോളം വാസ്തവമുണ്ട്. അങ്ങനെയാണെങ്കിൽ തൊഴിലാളികൾക്ക് മുഴുവൻ ദിവസവും ജോലി കിട്ടുന്നതിനുവേണ്ടി ഗവൺമെന്റുഭാഗത്തുനിന്ന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? മാനേജ്മെന്റിന്റെ പ്രസ്താവന ശരിയാണോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അസംസ്കൃത പദാർത്ഥങ്ങൾ കിട്ടാത്തതുകൊണ്ടാണ് കമ്പനി പ്രവർത്തിക്കാതിരിക്കുന്നത് എന്ന പ്രസ്താവനയിൽ ന്യായം ഉണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾ ഗവൺമെന്റും അവരുമായിട്ട് കരാറില്ല. ആ കരാർ പുതുക്കുന്നതിന് പ്രതിബന്ധമായിട്ട് നിൽക്കുന്നത് നമ്മുടെ നിയമമനുസരിച്ച് വില കിട്ടണമെന്നുള്ള ഗവൺമെന്റിന്റെ സമീപനമാണ്. കരാർ പുതുക്കുന്നതിന് മുമ്പായിട്ട് ഇടക്കാല സഹായം എന്നുള്ള നിലയിലാണ് കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ അവർക്ക് സാധനം നൽകുന്നത്. അവരുമായി കരാർവച്ചതിന്റെ അടിസ്ഥാനത്തിൽ സാധനങ്ങൾ കഴിഞ്ഞ നാളുകളിൽ അലോട്ട് ചെയ്തു വന്നിരുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: വനവിഭവങ്ങളുപയോഗിച്ച് നടത്തുന്ന നമ്മുടെ സംസ്ഥാനത്തെ ഫാക്ടറികൾക്ക് അതിന്റെ പൂർണ്ണമായ ഉൽപ്പാദനത്തിനാവശ്യമായ പദാർത്ഥങ്ങൾ നൽകാൻ നമുക്ക് കഴിയുന്നുണ്ടോ? പുനലൂർ പേപ്പർ മില്ലിന് കഴിഞ്ഞ വർഷം ഗവൺമെന്റ് ഉണ്ടാക്കിയ കരാറനുസരിച്ചുള്ള സാധനങ്ങൾതന്നെ കൊടുത്തിട്ടില്ലെന്നാണ് റിപ്പോർട്ടിൽ കാണുന്നത്. അത് പൂർണ്ണമായി കൊടുക്കാത്തതെന്തുകൊണ്ടാണ്? അത് പൂർണ്ണമായി കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? അല്ലെങ്കിൽ വ്യവസായങ്ങൾ നിലനിൽക്കുകയില്ല. ഗ്വാളിയർ റയോൺസിനുവേണ്ടി കർണ്ണാടക സംസ്ഥാനത്തുനിന്നും മുള കൊണ്ടുവരുന്നത് ഇപ്പോൾ നിരോധിച്ചിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതിനെ നിരോധിക്കുന്നു. ഇവിടെയുള്ള വ്യവസായങ്ങൾ തുടർന്ന നടത്തണമെന്നുണ്ടെങ്കിൽ അസംസ്കൃത സാധനങ്ങൾ ആവശ്യമാണ്. ഈ സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്??

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ നേരത്തെതന്നെ പറഞ്ഞു, നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ കൈവശം ഏകദേശം നാൽപ്പതിനായിരത്തോളം ഹെക്ടർ സ്ഥലത്താണ് പ്ലാന്റേഷനുള്ളത്. അതിൽനിന്നെല്ലാം വർഷംതോറും ഓരോ കമ്പനിക്കാരുമായിട്ടുണ്ടാക്കിയ കരാറനുസരിച്ച് അലോട്ടു ചെയ്യുന്നുണ്ട്. അലോട്ടു ചെയ്യുന്ന മുഴുവൻ സാധനങ്ങളും സപ്ലൈ ചെയ്യുന്നില്ല എന്നുള്ള പരാതി ഗവൺമെന്റിനും അങ്ങോട്ടുമുണ്ട്. അതേ

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ അലോട്ടുമെന്റിന്റെ അടിസ്ഥാനത്തിൽ മുഴുവൻ കിട്ടുന്നില്ല എന്നുള്ള ആക്ഷേപം അവർക്കുമുണ്ട്. അങ്ങനെ ആക്ഷേപം കിട്ടുന്ന അവസരത്തിൽ അവരുടെ ആൾക്കാരും ഗവൺമെന്റിന്റെ ഉദ്യോഗസ്ഥൻമാരും കൂടി അത്തരം സ്ഥലങ്ങൾ പരിശോധിക്കുന്ന നടപടി ചില സ്ഥലങ്ങളിൽ ഗവൺമെന്റ് എടുത്തിട്ടുണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: പ്ലൈവുഡ് വ്യവസായത്തിനും, പാക്കിംഗ് കെയ്സ് വ്യവസായത്തിനും തടി കിട്ടാത്തതിന്റെ ഫലമായിട്ട് (മുമ്പ് ഗവൺമെന്റിൽനിന്നും കിട്ടിയിരുന്നതാണ്) ആയിരക്കണക്കിന് തൊഴിലാളികൾ തൊഴിലില്ലാതെ നിൽക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽമാത്രം, നൂറിൽപ്പരം ഫാക്ടറികൾ പാക്കിംഗ് കെയ്സ് വ്യവസായത്തിലേർപ്പെട്ടിട്ടുണ്ട്. ഈ ഫാക്ടറികൾക്ക് ഗുണകരമായ രീതിയിൽ മരം അലോട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.പി. നൂറുദ്ദീൻ: പ്ലൈവുഡ് വ്യവസായികൾക്ക് നേരത്തെ നൽകിയിരുന്നത് കോട്ടാ സമ്പ്രദായത്തിലാണ്. പക്ഷേ പിന്നീട് ഗവൺമെന്റ് നയം മാറ്റി. ചെറുകിട വ്യവസായികൾക്ക് 25 ശതമാനം ആനുകൂല്യം കൊടുക്കാനും മരങ്ങളെല്ലാം ലേലത്തിൽ വിൽക്കാനും ഗവൺമെന്റ് തീരുമാനിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ ചെറുകിട വ്യവസായികൾക്ക് ലേലത്തിൽ പങ്കുകൊള്ളാനുള്ള പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടുകൾ കാരണം അതിനും ഒരു ആശ്വാസം അവർക്ക് ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ആകെ കിട്ടുന്ന തടിയുടെ നേർപകുതി ലേലം വഴിയും ബാക്കിയുള്ളത് കോട്ട സമ്പ്രദായപ്രകാരവും കൊടുക്കാൻ തീരുമാനിച്ചു. പക്ഷേ കൊടുക്കുന്ന തടിയുടെ വില കഴിഞ്ഞ വർഷത്തെ ആവറേജ്, ലേലത്തുകയുടേതായിരിക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. അവർക്ക് 25 ശതമാനം സാമ്പത്തിക ആനുകൂല്യം ഇപ്പോൾ കൊടുക്കുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: മാവൂർ റയോൺസ് അയ്യായിരത്തിൽപ്പരം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനമാണ്. കഴിഞ്ഞ ഒരു കൊല്ലമായി അത് അടച്ചുപൂട്ടിയിട്ടിരിക്കുകയാണ്. അസംസ്കൃത സാധനങ്ങൾ കിട്ടാത്തതുകൊണ്ടാണെന്നാണ് മാനേജുമെന്റ് പറയുന്നത്. ആ നിലയിൽ, ഒന്നുകിൽ അവർക്ക് സാധനം കൊടുക്കണം. അല്ലെങ്കിൽ ഈ ഫാക്ടറി ഗവൺമെന്റ് ഏറ്റെടുത്ത് കൊടുക്കുന്ന സാധനംവച്ച് നടത്താൻ നടപടിയെടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അവർക്ക് അസംസ്കൃത പദാർത്ഥങ്ങൾ നൽകുന്നതിനെപ്പറ്റി ഞാൻ പറഞ്ഞു. അവരുമായിട്ടുണ്ടാക്കിയ കരാറിന്റെ കലാവധി കഴിഞ്ഞു. കരാറിന്റെ കാലാവധി കഴിഞ്ഞ സന്ദർഭത്തിൽ അവർ പുതിയ കരാറുണ്ടാക്കാൻ മുന്നോട്ടുവരണം. ആ പുതിയ കരാർ ചെയ്യുന്ന അവസരത്തിൽ കേരളത്തിൽ ഈ നിയമസഭതന്നെ പാസ്സാക്കിയ വില നിജപ്പെടുത്തൽ നിയമമുണ്ട്. ആ നിയമമനുസരിച്ചുള്ള തുക തരാൻ അവർ തയ്യാറാകണം. അത് തരാൻ അവർ തയ്യാറല്ല. അവർ പറയുന്നത് 1958-ൽ വച്ച കരാർതന്നെ എക്കാലവും നിലനിൽക്കണമെന്നാണ്. അതേ റേറ്റിൽതന്നെ കൊടുക്കണമെന്നാണ് അവർ പറയുന്നത്. 1958-ൽ വച്ച കരാറനുസരിച്ച് ഒരു ടൺ മുളയുടെ വില ഒരു രൂപയാണ്. ഇന്ന് ഒരു ടൺ മുളക്ക് 219 രൂപയാണ് വില

LIBRARY ARCHIVES Kerala Legislative Assembly

ആ കരാർ അതേപോലെ തുടരണമെന്നു പറഞ്ഞാൽ ഒരു രൂപക്ക് നമ്മൾ മുള കൊടുക്കണമെന്നാണ് അർത്ഥം. ഇപ്പോഴുള്ള പ്രധാനപ്രശ്നം പഴയ കരാർ തീർന്നിരിക്കുന്നു, അതുകൊണ്ട് പുതിയ കരാർ വയ്ക്കണം. കരാർ വയ്ക്കുന്ന അവസരത്തിൽ ഈ നിയമസഭ പാസ്സാക്കിയ വില നിജപ്പെടുത്തൽ നിയമമനുസരിച്ചുള്ള തുക അവർ തരണം. അതിന് അവർ തയ്യാറല്ല. അതുകൊണ്ട് അവർ കോടതിയിൽ പോയി. അവർ പറഞ്ഞു പഴയ കരാറിന്റെ പ്രാബല്യം ഇപ്പോഴുമുണ്ട്, അത് ഞങ്ങൾക്ക് വകവച്ചുകിട്ടണമെന്ന്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അത് വകവച്ചു കൊടുക്കാൻ സാധ്യമല്ല. ആ കമ്പനി പ്രവർത്തിക്കാതിരിക്കുന്നത് അസംസ്കൃത സാധനങ്ങൾ കിട്ടാത്തതുകൊണ്ടാണെന്ന് എനിക്ക് തോന്നുന്നില്ല. കാരണം കോടതിയുടെ തീരുമാനമനുസരിച്ച് ഒരുലക്ഷത്തി ഇരുപത്തയ്യായിരം ടൺ യൂക്കാലിപ്റ്റസും പതിനായിരം ടൺ മുളയും ഞങ്ങൾ കൊടുത്തു. ഏതെങ്കിലും ഒർവത്സരത്തിൽ ഇത് കിട്ടാത്തതിന്റെ ഫലമായിട്ടോ, അല്ലെങ്കിൽ അങ്ങനെയൊരു ഓർഡർ ഗവൺമെന്റിൽ നിന്നും പോയതുകൊണ്ടോ അല്ല ആ കമ്പനിയുടെ പ്രവർത്തനം നടക്കാത്തത്.

ശ്രീ. എ. ജോർജ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ യൂക്കാലിപ്റ്റസ് തടികൾ കൊടുക്കുന്ന ചില വ്യവസായ സ്ഥാപനങ്ങളുടെ പേരുകൾ പറഞ്ഞു. എന്നാൽ ഗവൺമെന്റ് ഉടമയിലുള്ള പ്ലൈവുഡ് ഫാക്ടറിക്ക് തടി കൊടുക്കുന്നതായി മന്ത്രി ഇവിടെ പറഞ്ഞുകേട്ടില്ല. അങ്ങനെയാണെങ്കിൽ എന്തുകൊണ്ടാണ് ഗവൺമെന്റ് ഉടമയിലുള്ള പ്ലൈവുഡ് ഫാക്ടറിക്ക് തടി കൊടുക്കാത്തതെന്നു വ്യക്തമാക്കാമോ? അങ്ങനെ കൊടുക്കുന്നില്ലെങ്കിൽ ഉടനടി പ്ലൈവുഡ് ഫാക്ടറിക്ക് തടി കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഗവൺമെന്റ് ഫാക്ടറി എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറിയെ ഉദ്ദേശിച്ചായിരിക്കുമെന്നു ഞാൻ കരുതുന്നു. അതിന്റെ കരാറും കഴിഞ്ഞിരുന്നു. പക്ഷേ അടുത്ത അവസരത്തിൽ അവരുമായിട്ടുള്ള കരാർ വയ്ക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആ കരാറിന്റെ അടിസ്ഥാനത്തിൽ അവർക്ക് തടി കൊടുക്കാൻ പ്രയാസമുണ്ടാവുകയില്ല.

ശ്രീ. ബേബി ജോൺ: ഗവൺമെന്റും കമ്പനിയുമായിട്ടുള്ള കരാറുകളിൽ വിലയെ സംബന്ധിച്ച് തർക്കം നിലനിൽക്കുന്നുണ്ടെന്നു പറഞ്ഞു. അതുകൊണ്ടാണ് ഗ്വാളിയർ റയോൺസ് പോലെയുള്ള കമ്പനികൾക്ക് ബാംബൂ കൊടുക്കാത്തതെന്നും പറഞ്ഞു. ഈ തർക്കം മറികടക്കുന്നതിനുവേണ്ടിയാണോ സയുക്തമേഖല എന്നു പറഞ്ഞ് ഒരു സ്ഥാപനമുണ്ടാക്കാൻ പോകുന്നത്? സയുക്തമേഖലയിലെ പ്രവർത്തനം കൊണ്ട് കൂടുതൽ എഫിഷ്യൻസി ഉണ്ടാകുമോ? അതോ പൊതുമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് ഈ കമ്പനികൾക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ കൊടുക്കാൻ കഴിയുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നവുമുണ്ട്. സയുക്തമേഖലയാകുമ്പോൾ രണ്ടു കേന്ദ്രങ്ങളുടേയും ശുദ്ധ ഉൽപ്പാദനരംഗത്തേക്ക് കേന്ദ്രീകരിക്കാൻ കഴിയും. അതിന്റെ ഫലമായിട്ട് നമുക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. രണ്ടാമത് വിലയെ സംബന്ധിച്ചാണെങ്കിൽ നമ്മൾ പൊതുവായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഒരു കമ്പനിയുണ്ടാക്കിക്കഴിഞ്ഞാൽ ആ കമ്പനിയാണ് വില നിശ്ചയിക്കുന്നതും അതിന്റെ ലാഭവും നഷ്ടവും ഒക്കെ ഉണ്ടാക്കുന്നതും. ഗവൺമെന്റിന് നേരിട്ട് പങ്കാളിത്തമില്ല. ഇന്നാണെങ്കിൽ മറ്റു ചില കമ്പനിക്കാരുമായിട്ട് നമ്മൾ കരാർ വച്ചിട്ടുണ്ട്. ഒരു സംയുക്ത മേഖലാ വ്യവസായം വരുന്നുണ്ടെങ്കിൽ ഈ കരാറുകാരെയെല്ലാം നമുക്ക് ദുർബലപ്പെടുത്താൻ കഴിയും. അത് സർക്കാരിന് വലിയ ഗുണവുമായിരിക്കും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത് ഇവിടെ വില നിർണ്ണയിക്കുന്ന കാര്യത്തിൽ മൂന്നു മാനദണ്ഡം എടുക്കുന്നു എന്നാണ്. ഒന്ന്, ചർച്ച ചെയ്തുണ്ടാക്കുന്ന വില. രണ്ട്, നിയമപ്രകാരം ഈടാക്കേണ്ട കൃത്യമായ വില. മൂന്ന്, സബ്സിഡി കൊടുത്തുകൊണ്ടുള്ള വില. ഗ്വാളിയർ റയോൺസിന്റെ കാര്യത്തിൽ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത് അവരുടെ കരാറിന്റെ കാലാവധി അവസാനിച്ചിരിക്കുന്നു എന്നാണ്. അത് പുതുക്കാൻ അവർ തയ്യാറാണ്. പക്ഷേ മന്ത്രി പറയുന്നത്, ചർച്ച ചെയ്തുണ്ടാക്കുന്ന വില ഗ്വാളിയർ റയോൺസിന്റെ കാര്യത്തിൽ ബാധകമല്ലെന്നും ഇവിടെ നിലവിലുള്ള നിയമമനുസരിച്ചുള്ള വിലതന്നെ അവർ നൽകണമെന്നുമാണ്. എന്നാൽ മറ്റുപല വ്യവസായികൾക്കും ഇളവ് അനുവദിച്ചുകൊണ്ടുള്ള വിലയ്ക്ക് നൽകിയതായിട്ട് അദ്ദേഹംതന്നെ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആ വ്യവസായം നേരിടുന്ന പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ നെഗോഷിയേറ്റ് ചെയ്തിട്ട് ഒരു വില തീരുമാനിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് മുന്നോട്ടു വരുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇവിടെ ഒരു നിയമം നിലവിലുണ്ട്. അത് ഈ നിയമസഭ പാസാക്കിയ നിയമമാണ്. ആ നിയമം നിലനിൽക്കുന്നിടത്തോളംകാലം ഇവരുമായിട്ട് ചർച്ച ചെയ്ത് വില നിശ്ചയിക്കാൻ സാധ്യമല്ല. പിന്നെ നിയമത്തിൽ ഭേദഗതി വരുത്തേണ്ട കാര്യമാണ്. വേറൊരു കാര്യം കൂടി ഞാൻ പറയാം. നമ്മൾ നിയമപ്രകാരം വസൂലാക്കുന്ന വില വലിയ വിലയാണെന്ന അഭിപ്രായമില്ല. ഹിന്ദുസ്ഥാൻ പേപ്പർ മില്ലുമായിട്ടുണ്ടാക്കിയ കരാറിനെ സംബന്ധിച്ചാണെങ്കിൽ അത് ഗവൺമെന്റിന്റെ തന്നെ ഒരു സ്ഥാപനമാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: അസംസ്കൃത സാധനങ്ങളുപയോഗിക്കുന്ന സ്വകാര്യകമ്പനികളും മറ്റു കമ്പനികളുമായി സംയുക്ത മേഖലയുണ്ടാക്കുന്നതിന്റെ ഫലമായി ദേശവൽക്കരിച്ച വനങ്ങളും മറ്റു സർക്കാർ വനങ്ങളും സ്വകാര്യ കമ്പനികളെ വീണ്ടും ഏൽപ്പിച്ചു കൊടുക്കുക എന്നുള്ളതായിരിക്കും ഫലം എന്നുള്ളതിൽ വല്ല സംശയവും ഗവൺമെന്റിനുണ്ടോ; ഉണ്ടെങ്കിൽ ആ സംശയം ദൂരീകരിക്കാനും ആ തരത്തിൽ ഒരു സംവേം ഉണ്ടാകാതിരിക്കാനും എന്തെല്ലാം സേഫ്ഗാർഡ്സാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ നേരത്തേ പറഞ്ഞു, ഡോക്ടർ രാജഗോപാലനെ ചുമതലപ്പെടുത്തിയ കാര്യം. അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടി. ആ റിപ്പോർട്ട് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അതേക്കുറിച്ചുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഏതായാലും ഒരു കാര്യം എനിക്ക്, ഉറപ്പു നൽകാൻ കഴിയും. പുതുതായിട്ടുള്ള വനഭൂമിയൊന്നും ഏൽപ്പിച്ചു കൊടുക്കുന്നില്ല. ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ ഉള്ള 40,000 ഹെക്ടർ

LIBRARY ARCHIVES Kerala Legislative Assembly

പ്ലാന്റേഷൻ മാത്രമേ ഈ മേഖലയ്ക്ക് മാറുന്നുള്ളു. ഞാൻ വ്യക്തമാക്കാനുദ്ദേശിച്ചത് ആ പ്ലാന്റേഷന്റെ സ്ഥലമാകട്ടെ ഒരിഞ്ചു പോലും സ്വകാര്യ വ്യക്തിയുടെ നിയന്ത്രണത്തിൽ പോവുകയില്ല. 51 ശതമാനം ഷെയർ ഗവൺമെന്റിന് ഉദ്ദേശിക്കുന്നുണ്ട്. അപ്പോഴും ഗവൺമെന്റിന് നിയന്ത്രണാധികാരം കൂടുതലുണ്ടെന്നും അർത്ഥം.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടെ നിലവിലുള്ള പ്ലാന്റേഷൻ മാത്രമാണ് ജോയിന്റ് സെക്ടറിലേക്ക് പോകുന്നത്. അങ്ങനെയാണെങ്കിൽ നിലവിലുള്ള പ്ലാന്റേഷനിലെ മരമാണ് റാമൊറീരിയൽസായിട്ട് കൊടുക്കേണ്ടത്. ഗ്വാളിയർ റയോൺസിന്റെ തർക്കം വിലയുമായി ബന്ധപ്പെട്ടതാണ്. വിലയുമായി ബന്ധപ്പെട്ട തർക്കം നിലനിൽക്കേ ജോയിന്റ് സെക്ടറിൽ പോയാൽ ആ വില നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് ഇതേ നിലപാടാണ് സ്വീകരിക്കുന്നതെങ്കിൽ ഈ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാൻ ഉപകരിക്കുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ? മറിച്ച് ഇന്ന് നാം സ്വീകരിച്ചിട്ടുള്ള നയത്തിൽ നിന്നുള്ള ഒരു വ്യതിയാനത്തിനപ്പുറം ഇതിന്റെ ഫലമായി എന്തെങ്കിലും പ്രയോജനമുണ്ടാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാത്തതും അസംസ്കൃതസാധനങ്ങൾ കിട്ടാത്തതും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെന്ന് എനിക്കഭിപ്രായമില്ല. ഗ്വാളിയർ റയോൺസ് പ്രവർത്തിക്കാത്തത് സാധനം കിട്ടാത്തതുകൊണ്ടല്ല. ഞാൻ നേരത്തെ പറഞ്ഞു കോടതി പറഞ്ഞതനുസരിച്ച് ഞങ്ങൾ സാധനം കൊടുത്തു. ഞങ്ങൾ സാധനം കൊടുക്കുകയില്ല എന്ന് ഇതേവരെ അവരോട് പറഞ്ഞിട്ടില്ല. നാളെ കമ്പനി തുറക്കുമെന്നു പറഞ്ഞാൽ പുതിയ കരാറനുസരിച്ച് ഇന്ന് സാധനം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതുകൊണ്ട് സാധനം കൊടുക്കാത്തതുകൊണ്ടല്ല അവർ തുറക്കാത്തത്. പിന്നെ സംയുക്തമേഖല പ്ലാന്റേഷനുണ്ടാക്കിക്കഴിഞ്ഞാൽ അതിന്റെ പ്രവർത്തനത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കാൻ കഴിയും. ഇപ്പോഴത്തെ നിയമമനുസരിച്ചേ അതിന് വില നിശ്ചയിക്കാൻ കഴിയുകയുള്ളു. അതിനു പുറമേ സ്ഥലത്തിന്റെ വാടകയും തരേണ്ടിവരും.

ശ്രീ. കെ. പി. രാമൻ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ വ്യക്തമാക്കുകയുണ്ടായി, ഗ്വാളിയർ റയോൺസിന്റെ പ്രശ്നം റാമൊറീരിയൽസിനെ ആശ്രയിച്ചുകൊണ്ടുള്ളതല്ലെന്ന്. എന്നാൽ തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ അംഗീകരിക്കുകയാണെങ്കിൽത്തന്നെയും റാമെറീരിയൽസ് നൽകുമെന്ന് ഗവൺമെന്റിൽനിന്ന് അഷ്വറൻസ് ഇല്ലാതെ കമ്പനി തുറക്കാൻ തയ്യാറല്ലെന്ന് മാനേജ്മെന്റ് പ്രഖ്യാപിച്ചത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അവർക്ക് അസംസ്കൃത സാധനങ്ങൾ നാളെ വേണമെങ്കിലും കൊടുക്കാം. പക്ഷേ കാശ് തരണം. കാശ് തരാതെ സാധനം വേണമെന്നു പറഞ്ഞാൽ സർക്കാരിന് സാധനം കൊടുക്കാൻ കഴിയുമോ? അതാണ് പ്രശ്നം. നിയമമനുസരിച്ചുള്ള കാശ് തരാതെ നമുക്ക് സാധനം കൊടുക്കാൻ കഴിയുകയില്ല. അത് തരികയാണെങ്കിൽ അപ്പോൾത്തന്നെ സാധനം കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ: ചെറുകിട പ്ലൈവുഡ് ഫാക്ടറികൾക്ക് നേരത്തേ വിലയിൽ 25 ശതമാനം ഇളവ് അനുവദിച്ചു കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ പറയുകയുണ്ടായി. അതിൽനിന്ന് മാറി ചെറുകിട പ്ലൈവുഡ് ഫാക്ടറികൾക്ക് നേരത്തേയുള്ള കാട്ടായുടെ 50 ശതമാനവും ബാക്കി 50 ശതമാനം വില കുറച്ചും കൊടുക്കുന്ന ഒരു സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇത്തരം ചെറുകിട പ്ലൈവുഡ് ഫാക്ടറികൾ അവരുടെ കാട്ടാ അനുസരിച്ചു കിട്ടുന്ന മരം അവരുടെ ഫാക്ടറികളിൽ ഉപയോഗിക്കാതെ, അവരുടെ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാതെ മറ്റാളുകൾക്ക് ആദായകരമായ വിലയ്ക്ക് കൈമാറ്റം ചെയ്യുന്നതായിട്ട് എന്തെങ്കിലും വിവരം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ?

ശ്രീ: കെ. പി. നൂറുദ്ദീൻ: പഴയകാലത്തെ കാട്ടാ സമ്പ്രദായമായതുകൊണ്ട് അങ്ങനെയെല്ലാം ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ അതുകൊണ്ട് അവർക്ക് പ്രയോജനമില്ല. 50 ശതമാനമാണ് കിട്ടുന്നത്. കഴിഞ്ഞകൊല്ലത്തെ ഓപ്ഷൻ റൈറ്റാണ് ഇത്തവണത്തെ വില. അതുകൊണ്ട് വലിയ പ്രയോജനമുണ്ടാകുമെന്ന് തോന്നുന്നില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: വനവിഭവങ്ങൾ വ്യവസായങ്ങൾക്ക് കൊടുക്കുന്നതുപോലെതന്നെ കൈത്തൊഴിലുകാർക്ക് ഈറ വെട്ടുന്നതിനാവശ്യമായ പാസ് കൊടുത്തിരുന്നു. അവർ കാട്ടിൽ പോയി ഈറ വെട്ടി തലച്ചുമടായി കൊണ്ടുവന്നിരുന്ന ഒരു ഏർപ്പാടുണ്ടായിരുന്നു. അതിപ്പോൾ നിറുത്തിയിരിക്കുന്നു. അതിന് പ്രത്യേക കാരണം വല്ലതുമുണ്ടോ? വീണ്ടും അത് കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അത് ഞാൻ ആദ്യം ചോദ്യത്തിനുത്തരമായിട്ട് പറയുകയുണ്ടായി. ഗിരിജന സഹകരണ ഫെഡറേഷൻ വഴിയാണ് പ്രൈമറി സംഘങ്ങൾക്ക് സാധനം കൊടുത്തുകൊണ്ടിരുന്നത്. അതുകൊടുക്കാനുള്ള ബാദ്ധ്യത അവർക്കാണ്. എന്നാൽ ഗിരിജന സഹകരണ ഫെഡറേഷന്റെ പ്രവർത്തനം എത്തിയിട്ടില്ലാത്ത ചില സ്ഥലങ്ങളിൽ പ്രൈമറി സംഘങ്ങൾക്ക് ഈറ കിട്ടാൻ പ്രയാസമുണ്ടെന്ന് ഗവൺമെന്റിനറിയാം. അതിന് എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റിയാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ടി. കണാരൻ: മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിക്ക് വനവിഭവങ്ങൾ ആദായ വിലയ്ക്ക് കിട്ടണമെന്ന പിടിവാശിയുള്ളതുകൊണ്ടാണ് ഫാക്ടറി പ്രവർത്തിക്കാത്തതെന്ന അർത്ഥത്തിൽ ഇവിടെ സൂചിപ്പിച്ചു. വനവിഭവങ്ങൾ ആദായവിലയ്ക്ക് ഗവൺമെന്റ് മേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് കൊടുക്കുമെന്ന് പറഞ്ഞു. ഗ്വാളിയർ റയോൺസ് ഗവൺമെന്റ് ഏറ്റെടുക്കുകയും ആദായവിലയ്ക്ക് വനവിഭവങ്ങൾ കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടി ഗവൺമെന്റ് ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കമ്പനി പൂട്ടിക്കിടക്കുന്നത് ആദായവിലയ്ക്ക് വനവിഭവങ്ങൾ കിട്ടാത്തതുകൊണ്ടാണെന്ന് ഞാൻ പറഞ്ഞില്ല. അസംസ്കൃത പദാർത്ഥങ്ങൾ കൊടുക്കാത്തത് നമുക്ക് കൃത്യമായ വില കിട്ടാത്തതുകൊണ്ടാണെന്നാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: നമ്മുടെ സംസ്ഥാനത്ത് പാക്കിംഗ് കേസ് വ്യവസായത്തെ സംബന്ധിച്ച് ശ്രീ. കെ. പങ്കജാക്ഷൻ, ശ്രീ. എ.എ. റഹിം, ശ്രീ. മൊയ്തീൻകുട്ടിഹാജി, ശ്രീ. ഗോപാലകൃഷ്ണ മേനോൻ തുടങ്ങിയ നിയമസഭാംഗങ്ങളടങ്ങിയ ഒരു കമ്മിറ്റി പഠനം നടത്തി ഒരു റിപ്പോർട്ട് ഗവൺമെന്റിനു് സമർപ്പിക്കുകയും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു് നയം ആവിഷ്ക്കരിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കാട്ടാ നിശ്ചയിച്ചു കൊടുത്തിരുന്നത്. അത് മാറ്റാനുള്ള കാരണമെന്താണ്? അത് മാറ്റി എന്തു നടപടിക്രമമാണ് സ്വീകരിച്ചിട്ടുള്ളത്? ഇപ്പോഴുള്ള കാട്ടാ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ എന്താണ്?

ശ്രീ. കെ.പി. നൂറുദ്ദീൻ: പ്ലൈവുഡ് വ്യവസായികൾക്കുള്ള കാട്ടാ സമ്പ്രദായത്തിൽ മാറ്റം വന്നപ്പോൾ പാക്കിംഗ് കേസുകാരുടേതിനും സ്വാഭാവികമായിട്ടും മാറ്റം വന്നു. പ്ലൈവുഡ് വ്യവസായികളുടേതിൽ ഗവൺമെന്റ് പിന്നീടൊരു മാറ്റം വരുത്തി. ഞാൻ നേരത്തെ പറഞ്ഞു, അവർക്ക് 50 ശതമാനം കഴിഞ്ഞ പ്രാവശ്യത്തെ ഓക്ഷൻ പ്രൈസിന് കൊടുക്കണം ബാക്കിയുള്ളത് ലേലത്തിൽ കൊടുത്താൽ മതിയെന്ന്. ഇതുപോലെ പാക്കിംഗ് കേസുകാരുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ആലോചനയിലാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: തിരുവനന്തപുരം ജില്ലയിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുമായി ആയിരക്കണക്കിന് ചൂരൽ തൊഴിലാളികൾ ചൂരൽ കിട്ടാതെ പട്ടിണിയിലായിട്ടുള്ള വിവരം ഞാൻ നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയെ നേരിട്ടറിയിച്ചിരുന്നു. അതു പോലെത്തന്നെ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ചൂരൽത്തൊഴിലാളികളുടെ ഒരു സഹകരണസംഘം (മാതൃകാപരമാണെന്നു പറയാം) വർക്കലയിൽ പ്രവർത്തിക്കുന്നുണ്ട്. ആ ചൂരൽത്തൊഴിലാളികൾക്ക് സീനിയറേജ് നിരക്കടച്ചാൽ ചൂരൽ വെട്ടിയെടുക്കുന്നതിനുള്ള പാസ് മുമ്പ് ഗവൺമെന്റിൽനിന്ന് ഡിപ്പാർട്ടുമെന്റുവഴി കൊടുത്തിരുന്നു. ഇന്നിപ്പോൾ ലേലത്തിൽ കൊടുക്കുകയാണ്; ഗിരിജന സൊസൈറ്റികളിൽനിന്ന് ആ പാസ് നൽകാൻ സാദ്ധ്യമല്ലെന്ന് അധികൃതമായി അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ പറയുകയും ചെയ്തിട്ടുണ്ട്. തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ചൂരൽത്തൊഴിലാളികളുടെ സ്ഥിതി കണക്കിലെടുത്ത് അവർക്കാവശ്യമായ ചൂരൽ വനത്തിൽനിന്നും വെട്ടിയെടുക്കുന്നതിനുള്ള പാസ് നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ.പി. നൂറുദ്ദീൻ: പൊതുവെ നമ്മുടെ വനത്തിൽ ചൂരൽ കുറവാണ്. അതുകൊണ്ടാണ് ഇടയ്ക്കൊരു പ്രയാസം വന്നത്. ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെയുള്ളവരുടെ ഒരു കോൺഫറൻസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വിളിച്ചുകൂട്ടുകയുണ്ടായി. ആ യോഗത്തിന്റെ ചർച്ചയുടെ വെളിച്ചത്തിൽ കിട്ടാവുന്ന ചൂരൽ ശേഖരിച്ച് ഡിപ്പാർട്ടുമെന്റുതന്നെ സംഘങ്ങൾക്ക് കൊടുക്കണമെന്നുള്ള ഒരു നിർദ്ദേശമാണ് ഉയർന്നുവന്നിട്ടുള്ളത്. അതനുസരിച്ച് നടപടിയെടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. നടപടി എടുത്തില്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly